വഴിയും നിരവധി വികസനപ്രവർത്തനങ്ങൾ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നടത്തിയിട്ടുണ്ട്. ഗൈനക്കോളജി വിഭാഗം മെച്ചപ്പെടുത്തി മുടങ്ങിക്കിടന്ന ലേബർ റൂം സൗകര്യം പുനഃസ്ഥാപിച്ചു. ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച ഒരു പരാതി നിലവിലുണ്ട്. ഇതിനൊരു സ്ഥായിയായ പരിഹാരം കാണാനായി പബ്ലിക് വർക്ക് ഡിപ്പാർട്ടുമെന്റിലേക്ക് കത്തെഴുതിയിട്ടുള്ളതും ഇതിന്മേലുള്ള നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു.

## നരിപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ തസ്തികകൾ

226(927) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരിപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരിപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## കളിമണ്ണ് എടുക്കുന്നതിന് അനുമതി

227 (928) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ഉപജീവനത്തിനായി കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം ശ്രദ്ധിക്കുമോ;

(ബി) കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രതിസന്ധി നിലനില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരെ സംരക്ഷിക്കുന്നതിനും ഉല്പന്ന വിതരണത്തിനും സംഭരണത്തിനും വ്യക്തമായ നയം ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മൺപാത്ര തൊഴിൽ മേഖല ഉൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്ര നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly